# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 346 — 28.01.2019 -ൽ മറുപടിക്ക്

## റേഷൻ ലഭിക്കാത്തവർക്ക് ഭക്ഷ്യഭദ്രതാ ബത്ത

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ചിറയം ഗോപകുമാർ**<br>**,, ആർ. രാമചന്ദ്രൻ**<br>**ശ്രീമതി ഗീതാ ഗോപി**<br>**ശ്രീ. കെ. രാജൻ** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് റേഷൻ ലഭിക്കാത്തവർക്ക് ഭക്ഷ്യഭദ്രതാ ബത്ത നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 ലെ സെക്ഷൻ (8) അനുശാസിക്കുന്ന രീതിയിലാണ് ഫുഡ് സെക്യൂരിറ്റി അലവൻസ് നൽകുന്നത്. |
| (ബി) ഭക്ഷ്യഭദ്രതാ ബത്ത അനുവദിക്കുന്നതിന് ആർക്കാണ് അപേക്ഷ നൽകേണ്ടത് എന്നറിയിക്കുമോ; | (ബി) അപേക്ഷകൾ അതാത് ഫർക്ക റേഷനിംഗ് ഇൻസ്പെക്ടർ മുഖേനയോ അല്ലെങ്കിൽ നേരിട്ടോ ജില്ലാതല പരാതി പരിഹാര ഓഫീസർക്ക് നൽകാവുന്നതാണ്. |
| (സി) സംസ്ഥാനത്ത് ഭക്ഷ്യഭദ്രതാ ബത്ത അനുവദിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (സി) തിരുവനന്തപുരം ജില്ലയിൽ എ.എ.വൈ. വിഭാഗത്തിൽ ഉൾപ്പെട്ട 6 കാർഡുടമകൾക്കും മുൻഗണനാ വിഭാഗത്തിൽപ്പെട്ട 5 കാർഡുടമകൾക്കും ഫുഡ് സെക്യൂരിറ്റി അലവൻസ് നൽകുവാൻ ജില്ലാ തല പരാതി പരിഹാര ഓഫീസർ ഉത്തരവായിട്ടുണ്ട്. |
| (ഡി) അനുവദിക്കപ്പെട്ട റേഷൻ നൽകാത്തതിന് ഉത്തരവാദികളായ റേഷൻ ലൈസൻസികൾക്കെതിരെ സ്വീകരിച്ച നടപടികൾ അറിയിക്കുമോ? | (ഡി) അനുവദിക്കപ്പെട്ട റേഷൻ വിഹിതം നൽകിയില്ല എന്നുള്ള പരാതിയിന്മേൽ ചുവടെ പറയുന്ന ജില്ലകളിൽ റേഷൻ വ്യാപാരികൾക്ക് എതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. |

| ക്രമ നം | ജില്ല | നടപടിയെടുത്ത ലൈസൻസികളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 1 |
| 2 | മലപ്പുറം | 3 |
| 3 | പത്തനംതിട്ട | 1 |

**സെക്ഷൻ ഓഫീസർ**